**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/038/2026

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 03-09-2026**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ. മുഹമ്മദ് അലി<br>വാഫി സിറ്റി, കിഴക്കഞ്ചേരിക്കാവ്,<br>കൊടുന്തിരപ്പുള്ളി, പാലക്കാട് ജില്ല |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ്<br>ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,<br>പറളി, പാലക്കാട് ജില്ല. |

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

ലൈസൻസിയായ **KSEBL**- ന്റെ ഒരു ഉപഭോക്താവാണ് പരാതിക്കാരനായ ശ്രീ. മുഹമ്മദ് അലി പാലക്കാട്, കൊടുന്തിരപ്പുള്ളിയിൽ സ്ഥിതിചെയ്യുന്ന "വാഫി **city**" എന്ന വാണിജ്യസമുച്ചയത്തിന്റെ പ്രവർത്തനത്തിനുവേണ്ടിയാണ് ലൈസൻസിയുടെ പറളി ഇലക്ട്രിക് സെക്ഷൻ മുഖേന പവർ ലഭ്യമാക്കിയിട്ടുള്ളത്. ആകെ **20** സർവീസ് കണക്ഷൻ എടുത്തിട്ടുള്ളതിൽ **8** എണ്ണം ഗാർഹികകണക്ഷനുകളും **12** എണ്ണം വാണിജ്യകണക്ഷനുകളുമാണ്. ഇതിൽ രണ്ടുകണക്ഷനുകൾ മൂന്ന് ഫേസും മറ്റുള്ളവ ഒറ്റ ഫേസും ആണ്. അതിലുള്ള ഒരു **three phase** കണക്ഷനിലാണ് ലിഫ്റ്റുൾപ്പെടെയുള്ള **common services** ബന്ധിപ്പിച്ചിരിക്കുന്നത്. ഈ **three phase** കണക്ഷനിൽ ഒരു ഫേസിൽ സ്ഥിരമായി **low voltage** ആണ് കിട്ടുന്നത് എന്നാണ് പരാതി. അതിനാൽതന്നെ ലിഫ്റ്റ് പലപ്പോഴും പ്രവർത്തനരഹിതമാകുന്നു. അങ്ങനെ അവിടെ താമസിച്ചിരുന്നവരും മറ്റുവാടകക്കാരും ഒഴിഞ്ഞുപോകുകയും അങ്ങനെ സാമ്പത്തികനഷ്ടം ഉണ്ടാകുകയും ചെയ്തു എന്ന് പരാതിയിൽ

പരാമർശിക്കുന്നു. ലൈസൻസിയോട് നിരന്തരം ആവശ്യപ്പെട്ടിട്ടും വോൾട്ടതയുടെ നില മെച്ചപ്പെട്ടിട്ടില്ല. **CGRF** (വടക്കൻമേഖല)-ൽ നൽകിയ പരാതി **OP/01/2026-27** ആയി ഫയലിൽ സ്വീകരിക്കുകയും നടപടികൾ പൂർത്തിയാക്കി **16/05/2026**-ൽ ഉത്തരവിറക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിന്റെ അപ്പീലായിട്ടാണ് ഈ പരാതി വൈദ്യുതി ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിരിക്കുന്നത്.

## പരാതിക്കാരന്റെ വാദം

അപ്പിൽ ഹർജിക്കാരൻ പാലക്കാട് കൊടുന്തിരപ്പുള്ളി കിഴക്കഞ്ചേരിക്കാവിലുള്ള 'വാഫി സിറ്റി' എന്ന വാണിജ്യ കെട്ടിടത്തിന്റെ ഉടമസ്ഥനും കെ.എസ്.ഇ.ബിയുടെ പറളി സെക്ഷന് കീഴിലുള്ള സാധാരണ ത്രീ-ഫേസ് എൽ.ടി (**LT**) ഉപഭോക്താവുമാണ് (**Consumer No: 1165273022702, Connected Load: 9.048 KW**). ഹർജിക്കാരന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത കെട്ടിടത്തിൽ ആകെ **20** വൈദ്യുതി കണക്ഷനുകൾ നിലവിലുണ്ട്. ഇതിൽ **6** എണ്ണം ഗാർഹിക (**Domestic**) കണക്ഷനുകളും ബാക്കി **14** എണ്ണം വാണിജ്യ (**Commercial**) കണക്ഷനുകളുമാണ്. ഇത്രയധികം ഉപഭോക്താക്കൾ ആശ്രയിക്കുന്ന ഈ കെട്ടിടത്തിൽ അതിവ ഗുരുതരമായ ലോ-വോൾട്ടേജ് പ്രശ്നവും നിരന്തരമായ വോൾട്ടേജ് വ്യതിയാനവും അനുഭവപ്പെട്ടതിനെ തുടർന്ന്, കെട്ടിടത്തിലെ ജോൺസൺ ലിഫ്റ്റ് (**Johnson Lift**) പ്രവർത്തിക്കാറുണ്ടായിരുന്നില്ല സാങ്കേതിക വിദഗ്ധർ പലതവണ വിശദമായ പരിശോധന നടത്തുകയും ലിഫ്റ്റ് പ്രവർത്തിക്കാത്തതിന് കാരണം കടുത്ത വോൾട്ടേജ് ക്ഷാമമാണെന്ന് ഔദ്യോഗികമായി സ്ഥിരീകരിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ പറളി സെക്ഷൻ ഓഫീസിലേക്ക് പലതവണ മൊബൈൽ വഴി വിളിച്ച് അടിയന്തിര പരിഹാരം ആവശ്യപ്പെട്ടിട്ടും യാതൊരു നടപടിയും ഉണ്ടാകാത്ത സാഹചര്യത്തിലാണ് **17-10-2025** തീയതിയിൽ ആദ്യമായി രേഖാമൂലം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നേരിട്ട് പരാതി നൽകിയത്.

ലൈസൻസിയുടെ ഈ ഗുരുതരമായ വീഴ്ചയും കടുത്ത ലോ-വോൾട്ടേജും കാരണം കെട്ടിടത്തിലെ കോമൺ ഫെസിലിറ്റിയായ പാസഞ്ചർ ലിഫ്റ്റ് പൂർണ്ണമായും പ്രവർത്തിക്കാതാവുകയും, ഇത് ചോദ്യം ചെയ്ത് കെട്ടിടത്തിലെ വാണിജ്യ സ്ഥാപനങ്ങളിലെ വാടകക്കാർ കൂട്ടത്തോടെ ഒഴിഞ്ഞുപോവുകയും ചെയ്തു. ലക്ഷക്കണക്കിന് രൂപയുടെ വാടക വരുമാനം നഷ്ടപ്പെട്ട ഹർജിക്കാരൻ വലിയ സാമ്പത്തിക പ്രതിസന്ധിയിലും കടുത്ത മാനസിക വിഷമത്തിലുമായിരുന്നു. ഈ സാഹചര്യത്തിലാണ് ഹർജിക്കാരൻ കോഴിക്കോട് സി.ജി.ആർ.എഫ് മുൻപാകെ പരാതി സമർപ്പിച്ചത്.

തുടർന്നും വോൾട്ടേജ് പ്രശ്നം പരിഹരിക്കാത്തതിനെ തുടർന്ന് **20-02-2026**-ൽ ഹർജിക്കാരൻ തന്റെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറായ **9656639272**-ൽ നിന്നും പറളി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ **(AEE)** ഔദ്യോഗിക നമ്പറിലേക്ക് വൈകുന്നേരം **17:57 (5.57 PM)** മണിക്കും, അസിസ്റ്റന്റ് എഞ്ചിനിയറുടെ **(AE)** ഔദ്യോഗിക നമ്പറിലേക്ക് വൈകുന്നേരം **18:01 (6.01 PM)** മണിക്കും തെളിവ് സഹിതം അടിയന്തിര വാട്സാപ്പ് സന്ദേശം **(Urgent WhatsApp Reminder)** അയച്ചിരുന്നു. പ്രസ്തുത അടിയന്തിര സന്ദേശത്തിലൂടെ, **17-10-2025** തീയതിയിൽ പറളി അസിസ്റ്റന്റ് എഞ്ചിനിയർക്ക് നേരിട്ട് നൽകിയ രേഖാമൂലമുള്ള പരാതിയെക്കുറിച്ചും അതിന്മേൽ നടപടി എടുക്കാത്തതിനെക്കുറിച്ചും ഹർജിക്കാരൻ ഉദ്യോഗസ്ഥരെ കൃത്യമായി ഓർമ്മിപ്പിച്ചിട്ടുള്ളതാണ്.

വോൾട്ടേജ് പ്രശ്നത്തിന് സ്ഥിരമായ സാങ്കേതിക പരിഹാരം ഉണ്ടാക്കാത്തതിനെ തുടർന്ന് ഹർജിക്കാരൻ കെ.എസ്.ഇ.ബിയുടെ **1912** സെൻട്രലൈസ്ഡ് കസ്റ്റമർ കെയർ സിസ്റ്റം **(1912 Centralised System)** വഴി താഴെ പറയുന്ന പ്രകാരം **3** തവണ കൂടി ഔദ്യോഗികമായി പരാതികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്:

- ഒന്നാം പരാതി: തീയതി: **08-03-2026 Docket No: 223000800960**
- രണ്ടാം പരാതി: തീയതി: **16-03-2026 Docket No: 223000828298**
- മൂന്നാം പരാതി: തീയതി: **31-03-2026 Docket No: 333000257302**

എന്നാൽ കെ.എസ്.ഇ.ബി പറളി സെക്ഷൻ ഉദ്യോഗസ്ഥർ യാതൊരുവിധ സാങ്കേതിക പരിഹാരവും ഉണ്ടാക്കാതെ പ്രസ്തുത പരാതികൾ എല്ലാം വ്യാജമായി **'Rectified'** എന്ന് കാണിച്ച് സിസ്റ്റത്തിൽ ക്ലോസ് ചെയ്യുകയാണുണ്ടായത്.

എന്നാൽ ബഹുമാനപ്പെട്ട സി.ജി.ആർ.എഫ് ഫോറം, കേസിന്റെ സാങ്കേതിക വസ്തുതകളോ ഹർജിക്കാരൻ അനുഭവിച്ച കനത്ത നഷ്ടങ്ങളോ പരിശോധിക്കാതെ, തികച്ചും മുൻകൂട്ടി നിശ്ചയിച്ച പ്രകാരം **(Pre-meditated bias)** ലൈസൻസിയെ സഹായിക്കാനും ഉപഭോക്താവിനെ പീഡിപ്പിക്കാനും തക്കവിധം ഏകപക്ഷീയമായ ഉത്തരവ് പുറപ്പെടുവിക്കുകയാണുണ്ടായത്. ഈ ഉത്തരവ് നിയമപരമായി നിലനിൽക്കാത്തതിനാൽ പ്രസ്തുത ഉത്തരവ് റദ്ദാക്കാനും അർഹമായ നഷ്ടപരിഹാരത്തിനുമായി താഴെ പറയുന്ന ബോധിപ്പിക്കലുകൾ സമർപ്പിക്കുന്നു.

ജഡ്ജി തന്നെ പ്രതിയുടെ വക്കീലായി മാറിയ വിചിത്രമായ നടപടിയും റെഗുലേഷൻ **11(5)**-ന്റെ ദുർവ്യാഖ്യാനവും: സി.ജി.ആർ.എഫ് തങ്ങളുടെ

ഉത്തരവിലെ 'തീരുമാനത്തിൽ ഒന്നാമതായി രേഖപ്പെടുത്തിയിരിക്കുന്നത്: *"The Kerala Electricity Supply (Amendment) Code, 2024 dtd 31st July 2024 Regulation 11(5) അനുശാസിക്കുന്ന പ്രകാരം സ്വന്തമായി ട്രാൻസ്ഫോർമർ വെയ്ക്കാൻ ഉപഭോക്താവിന് ലൈസൻസി നോട്ടീസ് നൽകണം" എന്നാണ് എതിർകക്ഷിയായ കെ.എസ്.ഇ.ബി സമർപ്പിച്ച വിശദീകരണ പത്രികയിൽ എവിടെയും ഈ റെഗുലേഷൻ 11(5) അവകാശപ്പെടുകയോ ഉന്നയിക്കുകയോ ചെയ്തിട്ടില്ല! ലൈസൻസി പോലും ആവശ്യപ്പെടാത്ത ഒരു ചട്ടം, അവരെ സഹായിക്കാൻ വേണ്ടി ജഡ്ജിയുടെ കസേരയിലിരിക്കുന്ന ഫോറം ചെയർപേഴ്സൺ സ്വയം ചമച്ചെടുക്കുകയായിരുന്നു. ഇവിടെ ജഡ്ജി തന്നെ പ്രതിയുടെ വക്കീലായി മാറി ഉപഭോക്താവിനെ വേട്ടയാടുന്ന വിചിത്രമായ കാഴ്ച്ചയാണ് കാണാൻ കഴിഞ്ഞത്. നിയമത്തിന്റെ നഗ്നമായ ലംഘനം: CEA (Central Electricity Authority) Regulations പ്രകാരവും കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് റെഗുലേഷൻ 11(5) പ്രകാരവും, വൻകിട ബഹുനില മന്ദിരങ്ങളിലും (High-Rise Buildings) വൻകിട വാണിജ്യ സമുച്ചയങ്ങളിലും Busduct (Busbar Trunking System) ഉൾപ്പെടെയുള്ള പ്രത്യേക സുരക്ഷാ സംവിധാനങ്ങളോടെ പുതിയ കണക്ഷൻ എടുക്കുമ്പോഴോ അല്ലെങ്കിൽ നിലവിലുള്ള ലോഡ് വൻതോതിൽ വർദ്ധിപ്പിക്കാൻ അപേക്ഷിക്കുമ്പോഴോ മാത്രമാണ് ബിൽഡർ/ഡെവലപ്പർ സ്വന്തം ചിലവിൽ ട്രാൻസ്ഫോർമർ/സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടത്. ഹർജിക്കാരൻ 23-01-2024-ൽ നിലവിലുള്ള നിയമപ്രകാരം കണക്ഷൻ എടുത്ത വെറും 9.048 KW ലോഡുള്ള ഒരു സാധാരണ എൽ.ടി (LT) ഉപഭോക്താവാണ്. ഹർജിക്കാരൻ പുതിയ കണക്ഷനോ ലോഡ് വർദ്ധനവോ ആവശ്യപ്പെട്ടിട്ടില്ല. വൻകിട ഹൈറൈസ് ബിൽഡിംഗുകൾക്ക് ബാധകമായ അതീവ സങ്കീർണ്ണമായ ഈ നിയമം, കെ.എസ്.ഇ.ബിയുടെ വിതരണ ശൃംഖലയുടെ പരാജയം മൂലം വോൾട്ടേജ് കിട്ടാതെ വലയുന്ന ഒരു സാധാരണ എൽ.ടി ഉപഭോക്താവിന്റെ തലയിൽ കെട്ടിവെച്ച സി.ജി.ആർ.എഫ് ഉത്തരവ് തികച്ചും ക്രൂരവും നിയമവിരുദ്ധവുമാണ്.

കെ.എസ്.ഇ.ബി തങ്ങളുടെ പരാജയം മറയ്ക്കാൻ 2026 ഫെബ്രുവരി 28ന് ആരംഭിച്ച അന്താരാഷ്ട്ര യുദ്ധത്തെയും തുടർന്നുണ്ടായ ആഗോള ഊർജ്ജ പ്രതിസന്ധിയെയും മുൻനിർത്തി സപ്ലൈ കോഡ് റെഗുലേഷൻ 63 (Force Majeure) (പ്രകാരമുള്ള ഇളവുകൾക്കായി വാദിക്കുകയും സി.ജി.ആർ.എഫ് അത് അന്ധമായി അംഗീകരിക്കുകയും ചെയ്തു. ഖണ്ഡനത്തിനുള്ള വ്യക്തമായ തെളിവ്: കെ.എസ്.ഇ.ബി പറയുന്ന ഈ യുദ്ധം ആരംഭിക്കുന്നതിന് മുൻപ്, 20-02-2026-ൽ ഹർജിക്കാരൻ തന്റെ രജിസ്റ്റർ ചെയ്ത് മൊബൈൽ നമ്പറായ 9656639272-ൽ നിന്നും എതിർകക്ഷികളായ AEE യുടെ നമ്പറിലേക്ക് 17:57 മണിക്കും, AE യുടെ നമ്പറിലേക്ക് 18:01 മണിക്കും കൃത്യമായ

ടൈംസ്റ്റാമ്പുകളോടെ (**Timestamps**) അടിയന്തിര വാട്സാപ്പ് സന്ദേശം അയച്ചിട്ടുള്ളതാണ്. പ്രസ്തുത ഔദ്യോഗിക സന്ദേശത്തിൽ, അന്താരാഷ്ട്ര യുദ്ധവുമായി യാതൊരു ബന്ധവുമില്ലാത്ത കാലഘട്ടമായ **17-10-2025** തീയതിയിൽ പറളി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നേരിട്ട് നൽകിയ ആദ്യ പരാതിയെക്കുറിച്ചും, അത് കൂടാതെ **1912** സെൻട്രലൈസ്ഡ് സിസ്റ്റം വഴി വ്യത്യസ്തത തീയതികളിൽ മൂന്ന് തവണ നൽകിയ പരാതികളെക്കുറിച്ചും ഉദ്യോഗസ്ഥർ യാതൊരു നടപടിയും സ്വീകരിക്കാത്തതിനെ ഹർജിക്കാരൻ കൃത്യമായി ഓർമ്മിപ്പിച്ചിട്ടുണ്ട്. യുദ്ധം തുടങ്ങുന്നതിന് മാസങ്ങൾക്ക് മുൻപ് തന്നെ വിതരണ സംവിധാനത്തിന്റെ സാങ്കേതിക തകരാറുകൾ (**System Inadequacy**) മൂലം ഈ കെട്ടിടത്തിൽ വോൾട്ടേജ് ഇല്ലായിരുന്നു എന്ന് ഇതിലൂടെ വ്യക്തമായി തെളിയുന്നു.

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് (**2014**) റെഗുലേഷൻ **6** അനുശാസിക്കുന്ന വോൾട്ടേജ് പരിധി (**16%**) പാലിക്കുന്നതിൽ ലൈസൻസി പൂർണ്ണമായി പരാജയപ്പെട്ടതായി അവരുടെ തന്നെ മഹസർ (**24-04-2026**) വ്യക്തമാക്കുന്നു. നിയമപരമായ കുറഞ്ഞ വോൾട്ടേജ് പരിധി **225V** ആയിരിക്കെ ഹർജിക്കാരന് ലഭിച്ചത് **214V** മാത്രമാണ്. ഈ കടുത്ത വോൾട്ടേജ് കുറവ് മൂലം കെട്ടിടത്തിലെ കോമൺ ലിഫ്റ്റ് പ്രവർത്തിപ്പിക്കാൻ കഴിയാതെ വരികയും, ഒന്നിലധികം നിലകളുള്ള വാണിജ്യ സമുച്ചയത്തിൽ കസ്റ്റമേഴ്സ് വരാതാവുകയും ചെയ്തതോടെ വാടകക്കാർ കൂട്ടത്തോടെ ഒഴിഞ്ഞുപോയി. കെട്ടിട ഉടമയായ ഹർജിക്കാരന് ഇതിലൂടെ പ്രതിമാസം വലിയ തുകയുടെ വാടക വരുമാന നഷ്ടവും കനത്ത ബിസിനസ്സ് തകർച്ചയും ഉണ്ടായി. ഒരു ഉപഭോക്താവ് എന്ന നിലയിൽ തന്റെ ഭാഗത്തുനിന്നും എല്ലാ ബില്ലുകളും കൃത്യമായി അടച്ചിട്ടും, ലൈസൻസിയുടെ തകരാറിലായ സിസ്റ്റം കാരണം ഉണ്ടായ ഈ കനത്ത സാമ്പത്തിക നഷ്ടത്തിനും, കടുത്ത മാനസിക അസ്വാസ്ഥ്യങ്ങൾക്കും എതിർകക്ഷികളായ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ നിയമപരമായി നഷ്ടപരിഹാരം നൽകാൻ ബാധ്യസ്ഥരാണ്. എന്നാൽ സി.ജി.ആർ.എഫ് ഫോറം ഈ അടിയന്തിര വിഷയം പൂർണ്ണമായി അവഗണിച്ചു.

**KSERC (CGRF and Ombudsman) Regulations, 2005** ചട്ടങ്ങൾ പ്രകാരം സി.ജി.ആർ.എഫ് ഫോറത്തിൽ മൂന്ന് അംഗങ്ങൾ (**Chairperson, Member-Licensee, Consumer Representative**) നിർബന്ധമായും ഉണ്ടായിരിക്കണം. എന്നാൽ ഹർജിയിൽ **13-05-2026**-ൽ ഷൊർണൂരിൽ വെച്ച് തെളിവെടുപ്പ് (**Hearing**) നടന്ന ദിവസം **MEMBER (Licensee)** ഉണ്ടായിരുന്നില്ല, ഉപഭോക്താക്കളുടെ പ്രതിനിധിയും (**Consumer Representative**) ഉണ്ടായിരുന്നില്ല. ഉത്തരവിൽ ഒപ്പുവെച്ചിരിക്കുന്നത് ചെയർപേഴ്സൺ സജി

ദിവാകറും മെമ്പർ (നിയമം) ഫ്രാൻസിസ് എ. സി. യും മാത്രമാണ്. ഉപഭോക്തൃ പ്രതിനിധി പോലുമില്ലാതെ നടത്തിയ ഈ തെളിവെടുപ്പും അതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവും നിയമപരമായി പൂർണ്ണമായും അസാധുവാണ് **(Null and void).** സി. ജി. ആർ. എഫ്. ചെയർപേഴ്സണും ലൈസൻസിയും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടും മുൻകൂട്ടി നിശ്ചയിച്ച ഉത്തരവും **(Pre-meditated Action):** ഒന്നാം എതിർകക്ഷി **(AEE,** പറളി സബ് ഡിവിഷൻ) പുറപ്പെടുവിച്ച **DB-4/** പരാതി **/2026-27/06** നമ്പറിലുള്ള **14-05-2026** തീയതിയിലെ ഔദ്യോഗിക നോട്ടീസ് പരിശോധിച്ചാൽ ഈ ഒത്തുകളി വ്യക്തമാകും. **13-05-2026-**ൽ ഹിയറിംഗ് നടക്കുമ്പോൾ, കേസിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് തന്നെ, "ഉപഭോക്താവിന് റഗുലേഷൻ **11(5)** പ്രകാരം നോട്ടിസ് നൽകാൻ സി.ജി.ആർ.എഫ് ചെയർപേഴ്സൺ എനിക്ക് വാക്കാലുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്" എന്ന് എ.ഇ.ഇ നോട്ടിസിൽ സമ്മതിക്കുന്നു. ഹിയറിംഗ് കഴിഞ്ഞ് തൊട്ടടുത്ത ദിവസം **(14-05-2026)** ലൈസൻസി നോട്ടീസ് അയക്കുന്നു, അതിന്റെ തൊട്ടടുത്ത ദിവസം **(15-05-2026)** സി.ജി.ആർ.എഫ് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു! കേസ് കേൾക്കുന്ന ജഡ്ജിയുടെ സ്ഥാനത്തിരിക്കുന്ന സി. ജി. ആർ. എഫ്. ചെയർപേഴ്സൺ, എതിർകക്ഷിയുമായി ചേർന്ന് ഉപഭോക്താവിനെതിരെ ഗൂഢാലോചന നടത്തി എന്ന് ഈ നോട്ടീസ് തെളിയിക്കുന്നു.

പൊതുജനങ്ങളുടെ നികുതിപ്പണവും ഉപഭോക്താക്കളുടെ പണവും കൊണ്ട് പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.എൽ എന്ന സർക്കാർ പൊതുമേഖലാ സ്ഥാപനം, സ്വന്തം സാങ്കേതിക പരാജയങ്ങളെയും വീഴ്ചകളെയും മൂടിവെക്കാൻ ഒരു കൊള്ളസംഘം പോലും പറയാൻ മടിക്കുന്ന തരത്തിലുള്ള തികച്ചും അടിസ്ഥാനരഹിതവും അസത്യവുമായ കാര്യങ്ങളാണ് നിരത്തുന്നത്. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ആവശ്യപ്പെട്ട് നിയമാനുസൃതം പരാതി നൽകിയ ഒരു ഉപഭോക്താവിനെ, "ലൈസൻസിക്കെതിരെ പരാതി നൽകിയാൽ ഇങ്ങനെയൊക്കെ അനുഭവിക്കേണ്ടി വരും" എന്ന ധാർഷ്ട്യത്തോടെയും പ്രതികാരബുദ്ധിയോടെയും ഭയപ്പെടുത്താനും പീഡിപ്പിക്കാനുമാണ് ഉദ്യോഗസ്ഥർ ഇവിടെ ശ്രമിക്കുന്നത്. **DB-4/** പരാതി **/2026-27/06** നമ്പറിലുള്ള **14-05-2026** തീയതിയിലെ ഔദ്യോഗിക നോട്ടീസ് പ്രകാരം, ഹർജിക്കാരന്റെ കെട്ടിടത്തിലെ ലിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി പത്രം കെ.എസ്.ഇ.ബി ഫയലിൽ ഇല്ലെന്നും, ലിഫ്റ്റ് കൺട്രോൾ റൂമിന് മതിയായ സൗകര്യമില്ലാത്തതിനാൽ പ്രാദേശിക അധികാരികൾക്ക് റിപ്പോർട്ട് ചെയ്യുമെന്നും എ.ഇ.ഇ ഭീഷണിപ്പെടുത്തുന്നു. യഥാർത്ഥ വസ്തുത എന്തെന്നാൽ, ഗവൺമെന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

പാലക്കാട് ഓഫീസ് കൃത്യമായ പരിശോധനകൾ നടത്തി എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് മാത്രമാണ് **License No: 783 (Form 'F')** പ്രകാരം ലിഫ്റ്റ് പ്രവർത്തിപ്പിക്കാനുള്ള അനുമതി നൽകിയിട്ടുള്ളത്. എല്ലാ രേഖകളും കൃത്യമായിരിക്കെ, വോൾട്ടേജ് പരാതി നൽകിയ ഉപഭോക്താവിനെ ഭയപ്പെടുത്തി കേസിൽ നിന്നും പിന്തിരിപ്പിക്കാൻ വേണ്ടി മാത്രമാണ് ലൈസൻസി ഈ വ്യാജ ആരോപണങ്ങൾ ഉന്നയിക്കുന്നത്. സി.ജി.ആർ.എഫിന്റെ ഗുരുതരമായ വീഴ്ച: ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ വേണ്ടി നിയമപ്രകാരം രൂപീകരിക്കപ്പെട്ട സി.ജി.ആർ.എഫ് **(CGRF)** സംവിധാനം, ലൈസൻസിയുടെ ഈ നിയമവിരുദ്ധമായ പ്രതികാര നടപടികൾക്കും വ്യാജവാദങ്ങൾക്കും പൂർണ്ണമായി കൂട്ടുനിൽക്കുകയാണ് ചെയ്തത്. സാധാരണക്കാരായ ഉപഭോക്താക്കളെ സംരക്ഷിക്കേണ്ട ഫോറം തന്നെ ലൈസൻസിയുടെ ജനവിരുദ്ധ നിലപാടുകൾക്ക് കുടപിടിക്കുന്നത് ഉപഭോക്തൃ സംരക്ഷണ നിയമങ്ങളുടെ നഗ്നമായ ലംഘനമാണ്. കിഴക്കഞ്ചേരിക്കാവിലുള്ള **250 KVA** സ്കന്ദ പൊതു വിതരണ ട്രാൻസ്ഫോർമർ **1979** മോഡൽ **(47** വർഷം പഴക്കമുള്ളത്) ആണ്. ഇതിലെ വോൾട്ടേജ് ക്രമീകരിക്കേണ്ട **Tap Changer** സംവിധാനം തകരാറിലായപ്പോൾ അത് നന്നാക്കുന്നതിന് പകരം പ്രവർത്തനരഹിതമാക്കി ബൈപാസ്സ് **(Bypassed)** ചെയിരിക്കുകയാണ് കെ.എസ്.ഇ.ബി എന്ന് ഹർജിക്കാരൻ തെളിവ് സഹിതം ബോധിപ്പിച്ചിട്ടും ഫോറം അത് പരിശോധിക്കാൻ തയ്യാറായില്ല.

ബഹുമാനപ്പെട്ട സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ മുൻപാകെ സമർപ്പിക്കുന്ന അതീവ ഗുരുതരമായ ഈ വസ്തുതകളുടെയും നിയമലംഘനങ്ങളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന ഉത്തരവുകൾ ഉണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു: വടക്കൻ മേഖല സി.ജി.ആർ.എഫ് ഫോറം ആവശ്യത്തിന് അംഗങ്ങളില്ലാതെ സ്വാഭാവിക നീതി ലംഘിച്ചും, ചട്ടങ്ങൾ ദുർവ്യാഖ്യാനം ചെയ്തും, ലൈസൻസിയുടെ വ്യാജവാദങ്ങൾക്ക് കൂട്ടുനിന്നും പുറപ്പെടുവിച്ച **15-05-2026** തീയതിയിലെ അന്തിമ ഉത്തരവ് പൂർണ്ണമായും റദ്ദാക്കുക. ലൈസൻസിയുടെ വോൾട്ടേജ് വ്യതിയാനവും മനഃപൂർവ്വമായ അനാസ്ഥയും കാരണം കോമൺ ലിഫ്റ്റ് പ്രവർത്തിക്കാതാവുകയും, അതുവഴി വാടകക്കാർ ഒഴിഞ്ഞുപോയി ഹർജിക്കാരന് ഉണ്ടായ കനത്ത സാമ്പത്തിക നഷ്ടത്തിനും കടുത്ത മാനസിക ബുദ്ധിമുട്ടുകൾക്കും അർഹമായ ഭീമമായ നഷ്ടപരിഹാര തുക **(Compensation)** ലൈസൻസിയിൽ നിന്നും ഈടാക്കി നൽകാൻ ഉത്തരവിടുക. ഹൈറൈസ് ബിൽഡിംഗുകൾക്ക് ബാധകമായ റെഗുലേഷൻ **11(5)** ഉം **CEA** ചട്ടങ്ങളും ഒരു സാധാരണ എൽ.ടി ഉപഭോക്താവിന്റെ തലയിൽ കെട്ടിവെച്ചുകൊണ്ട്, സ്വന്തം ചിലവിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ ആവശ്യപ്പെടാൻ കെ.എസ്.ഇ.ബിക്ക്

അധികാരം നൽകുന്ന സി.ജി.ആർ.എഫ് തീർപ്പ് പൂർണ്ണമായും അസാധുവായി പ്രഖ്യാപിക്കുക. 17-10-2025 ലെ നേരിട്ടുള്ള പരാതിയും, 1912 സിസ്റ്റം വഴി നൽകിയ 3 പരാതികളും (Docket Nos: 223000800960 dtd 08-03-2026, 223000828298 dtd 16 03-2026, 333000257302 dtd 31-03-2026), ഹർജിക്കാരന്റെ 9656639272 നമ്പറിൽ നിന്നുമുള്ള 20-02-2026 ലെ വാട്സാപ്പ് സന്ദേശവും വഴി വോൾട്ടേജ് പ്രശ്നം ദീർഘകാലമായി നിലനിൽക്കുന്നതായി തെളിഞ്ഞിട്ടുള്ളതിനാൽ കെ.എസ്.ഇ.ബി ഉന്നയിക്കുന്ന 'Force Majeure (റെഗുലേഷൻ 63) വാദം പൂർണ്ണമായും തള്ളിക്കളയുക. പരാതി നൽകിയ ഉപഭോക്താവിനെ പ്രതികാരബുദ്ധിയോടെ പീഡിപ്പിക്കാൻ കെ.എസ്.ഇ.ബി എഞ്ചിനീയർ പുറപ്പെടുവിച്ച 14-05-2026 തീയതിയിലെ DB-4/ പരാതി /2026-27/06 നമ്പറിലുള്ള നോട്ടീസും അതിലെ തികച്ചും ചട്ടവിരുദ്ധമായ തുടർനടപടികളും റദ്ദാക്കുക. കിഴക്കഞ്ചേരിക്കാവിലുള്ള, ടാപ്പ് ചേഞ്ചർ പ്രവർത്തനരഹിതമായ 47 വർഷം പഴക്കമുള്ള 250 kVA ട്രാൻസ്ഫോർമർ അടിയന്തിരമായി മാറ്റി പുതിയ ഉയർന്ന ശേഷിയുള്ള ട്രാൻസ്ഫോർമർ സ്വന്തം ചിലവിൽ സ്ഥാപിക്കാനും മീറ്റർ പോയിന്റിൽ തടസ്സമില്ലാതെ 225V ലഭ്യമാക്കാനും കെ.എസ്.ഇ.ബിക്ക് അടിയന്തിര ഉത്തരവ് നൽകുക.

## എതിർകക്ഷിയുടെ വാദം

പാലക്കാട് - ഷൊർണൂർ സംസ്ഥാന പാതയോരത്ത് കിഴക്കഞ്ചേരി കാവിൽ സ്ഥിതി ചെയ്യുന്ന ഒരു വാണിജ്യ സമുച്ചയത്തിന്റെ ഉടമയാണ് ഹർജിക്കാരൻ. പ്രസ്തുത വാണിജ്യ സമുച്ചയത്തിന് ഏകദേശം 12000 ചതുരശ്ര അടി വിസ്തീർണ്ണമുണ്ട്. കെട്ടിടത്തിൽ 20 എണ്ണം വൈദ്യുത സർവീസ് കണക്ഷനുകളുണ്ട്, ഈ 20 എണ്ണത്തിൽ രണ്ടെണ്ണം ത്രീ ഫേസ് ആണ്. ഈ 20 എണ്ണത്തിൽ 8 എണ്ണം ഗാർഹിക കണക്ഷനുകളും ബാക്കി 14 എണ്ണം വാണിജ്യ കണക്ഷനുകളും ആണ്. 29-04-2026 ലെ കണക്കനുസരിച്ച് സമുച്ചയത്തിൻ്റെ ആകെ കണക്റ്റഡ് ലോഡ് 41.04 41.046 കിലോവാട്ട് ആണ്. ഈ വാണിജ്യ സമുച്ചയത്തിലേക്കുള്ള LT വിതരണം 250 ട്രാൻസ്ഫോർമറിൽ നിന്നാണ്. ശ്രീ മുഹമ്മദ് അലിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെവിഎ സ്കന്ദ സമുച്ചയത്തിൽ നിന്ന് 250 മീറ്റർ അകലെയാണ് ഈ സ്കന്ദ ട്രാൻസ്ഫോർമർ സ്ഥിതി ചെയ്യുന്നത്. തർക്കത്തിലുള്ള ഉപഭോക്തൃ നമ്പർ 1166273022702 മുഹമ്മദ് അലിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യ സമുച്ചയത്തിലേക്കുള്ള പൊതുവായ എൽടി കണക്ഷനാണ്. വാണിജ്യ സമുച്ചയത്തിലെ പാസഞ്ചർ ലിഫ്റ്റ് ഈ ഉപഭോക്തൃ നമ്പറിലെ കണക്ഷനുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഉപഭോക്താവ് ഉന്നയിക്കുന്ന പ്രധാന പ്രശ്നം മുകളിൽ സൂചിപ്പിച്ച ലിഫ്റ്റ് പ്രവർത്തിക്കാത്തതിൻ്റെ കാരണത്തെ സംബന്ധിച്ചാണ്", വോൾട്ടേജ് ക്ഷാമം എന്നതാണ്. ഇത് സംബന്ധിച്ച് പരാതിക്കാരൻ

17.10.2025ന് നൽകി എന്ന് പറയുന്ന പരാതി ഓഫീസിൽ ലഭിച്ചതായി കാണുന്നില്ല. മേൽ തിയതിയിലെ പരാതി ഓഫീസിൽ കൈപ്പറ്റി എന്നതിന്റെ രേഖകളൊന്നും പരാതിക്കാരൻ ഹാജരാക്കിയിട്ടില്ല. കടുത്ത ലോ വോൾട്ടേജ് പ്രശ്നം മൂലം ലിഫ്റ്റ് പ്രവർത്തിക്കാത്തതും അതിനാൽ വാണിജ്യ സ്ഥാപനത്തിലെ വാടകക്കാർ കൂട്ടത്തോടെ ഒഴിഞ്ഞു പോയതും അങ്ങനെ ഭീമമായ വാടക നഷ്ടം സംഭവിച്ചതുമായി പരാതിക്കാരൻ ഉന്നയിച്ച സംഗതികൾ ഈ എതൃകക്ഷികൾക്ക് അറിവുള്ളതല്ല. എതൃകക്ഷികൾക്ക് whatsup വഴി നൽകിയ പരാതികളിൽ ലോ വോൾട്ടേജ് മൂലം ലിഫ്റ്റിന് കേടുപാടുകൾ സംഭവിക്കാൻ ഇടയുണ്ട് എന്ന് മാത്രമാണ് പരാമർശിക്കുന്നത്.

പരാതിക്കാരൻ 20.02.2026 ൽ എതൃകക്ഷികൾക്ക് ഔദ്യോഗിക നമ്പറിലെ വാട്ട്സപ്പിൽ വിശദമായ വാട്ട്സപ്പ് സന്ദേശം പരാതി അയച്ചത് സംബന്ധിച്ച് പരിശോധനകൾ നടത്തി R ഫേസിൽ വോൾട്ടേജ് കണ്ടതിനാൽ പരിഹരിക്കുന്നതിനുള്ള ലൈൻ ക്രമീകരണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. പരാതിക്കാരൻ 08.03.2026 നും 16.03.2026 നും 31.03.2026 നും പരാതിയിൽ പറയും വിധം 1912 Centralised Call Centre സിസ്റ്റം വഴി സമർപ്പിച്ച പരാതികൾ സെക്ഷൻ ഓഫീസിൽ ലഭിക്കുകയും ആയതിൽ നടപടി സ്വീകരിച്ച് ആ സമയത്ത് ലോവോൾട്ടേജ് സംഭവിച്ച പരാതിക്കാധാരമായ കാരണം കണ്ടെത്തി ശരിയാക്കി പരിഹരിച്ച് ആയത് കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എതൃകക്ഷികൾ വ്യാജമായി 'Rectified എന്നെഴുതി സിസ്റ്റത്തിൽ ക്ലോസ് ചെയ്യുകയുണ്ടായി എന്നത് ശരിയല്ല. പരാതികൾ അറ്റൻഡ് ചെയ്തതിനു ശേഷമാണ് 'Rectified' എന്ന് രേഖപ്പെടുത്തുന്നത്. പരാതിക്കാരൻ CGRF ൽ നൽകിയ പരാതിയിൽ ബഹുമാനപ്പെട്ട ഫോറം കേസിന്റെ വസ്തുതകൾ പരിഗണിക്കാതെ മുൻകൂട്ടി നിശ്ചയിച്ച വിധം എതൃകക്ഷിയെ സഹായിക്കാനായി ഏകപക്ഷീയമായ ഉത്തരവ് പുറപ്പെടുവിക്കുകയാണ് ഉണ്ടായത് എന്ന പരാതിക്കാരന്റെ വാദത്തെ എതൃകക്ഷികൾ നിഷേധിക്കുന്നു. CGRF ലെ പരാതിക്ക് മറുപടിയായി എതൃകക്ഷികൾ സമർപ്പിച്ച വിശദീകരണ പത്രികയിൽ റെഗുലേഷൻ 11(5) ഉന്നയിച്ചില്ല എന്നത് വാസ്തവമാണ്. എന്നാൽ നേരിട്ടുള്ള ഹിയറിംഗിൽ എതൃകക്ഷികൾ ആ കാര്യം ശക്തമായി ഉന്നയിച്ചതിനാലാണ് ഫോറം അക്കാര്യം പരാതിക്കാരനോട് ചോദിച്ചത് എന്നും അതിനുള്ള മറുപടിയായി പരാതിക്കാരൻ ആ ബിൽഡിംഗിലേക്കുള്ള എല്ലാ കണക്ഷനുകളും തന്റെ പേരിൽ ആണെന്നും ആ ബിൽഡിംഗ് Multi Storied Building ആണ് എന്നും മറുപടി നൽകുകയുണ്ടായി. 29.04.2026 ലെ കണക്കനുസരിച്ച് സമുച്ചയത്തിന്റെ ആകെ കണക്ടഡ് ലോഡ് 41.046 കിലോവാട്ട് ആണ്. കെട്ടിടത്തിന്റെ ഏകദേശ പ്ലിന്ത് വിസ്തീർണം 12000 Sq ft ആണ്. നിലവിലെ 20 സർവീസ് കണക്ഷനുകൾക്ക് പുറമെ മീറ്ററിംഗ്

പാനലിൽ 9 സർവീസ് കണക്ഷനുകൾക്ക് കൂടിയുള്ള സ്പെയർ പ്രൊവിഷനുകളും ഉണ്ട്. ഭാവിയിൽ ഈ കെട്ടിടത്തിന്റെ കണക്റ്റഡ് ലോഡ് 41.064 ൽ നിന്ന് അധികരിക്കാൻ സാധ്യതയുണ്ട്. ഇക്കാര്യങ്ങൾ ചൂണ്ടികാണിച്ചതിൻ പ്രകാരം നടന്ന വാദങ്ങളിൽ നിന്നുമാണ് റെഗുലേഷൻ 11(5) പ്രകാരം ഈ ബിൽഡിംഗ് ഒരു **Multi Storied Building** ആണ് എന്നത് വിലയിരുത്തി ലിഫ്റ്റ് ഉൾപ്പെടെയുള്ള പൊതു സർവ്വീസ് ഉള്ളത് പ്രകാരം ബിൽഡിംഗിനായി ഉപഭോക്താവ് സ്വന്തമായി ആവശ്യത്തിലേക്കുള്ള HT ട്രാൻസ്ഫോർമർ സ്റ്റേഷൻ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ആവശ്യമാണ് എന്ന തീരുമാനത്തിൽ CGRF ഫോറം എത്തിചേർന്നത് എന്ന് ഇതിനാൽ ബോധിപ്പിക്കുന്നു.

**The Kerala Electricity Supply (Amendment) Code, 2024 dtd 31st July 2024 Regulation 11(5)** ഇപ്രകാരം പറയുന്നുണ്ട്.

***11(5): An Individual applicant occupying a multi storied building (including the common services of the building) may be given service connection at LT on his application, Irrespective of the connected load or contract demand by providing bus ducts or cables of adequate current carrying capacity and complying with the provisions of the Central Electricity Authority (Measures Relating to Safety and Electric Supply) Regulations, 2023, subject to the condition that the developer or builder of the multi-storied bullding, installs and maintains at his cost, the HT transformer station of adequate capacity and assoclated apparatus Including the Internal distribution system for this purpose and enhances its capacity to meet the load growth, If any.***

**Kerala Electricity Supply Code 2014** റെഗുലേഷൻ 63 പ്രകാരവും സ്റ്റാൻഡാർഡ് ഓഫ് പെർഫോർമൻസ് 13 പ്രകാരവും ലൈസൻസിയുടെ നിയന്ത്രണങ്ങൾക്ക് അതീതമായ സംഭവ വികാസങ്ങളാൽ (**force majeure conditions**) നൽകേണ്ട സേവനങ്ങൾ സമയബന്ധിതമായി നൽകുവാൻ സാധിച്ചില്ലെങ്കിൽ സമയ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട് എന്ന് എതൃകക്ഷികൾ ഫോറം മുമ്പാകെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇവിടെ ആർ ഫേസ് 223 വി, വൈ ഫേസ് 226 വോൾട്ട്, ബി ഫേസ് 209 വോൾട്ട് എന്നിങ്ങനെയാണ് വോൾട്ടേജ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും 2014 ലെ സപ്ലൈ കോഡ് അനുസരിച്ച് കെഎസ്ഇബി എൽ വോ വോൾട്ടേജ് നൽകുന്നതിൽ പരാജയപ്പെട്ടുവെന്നുമാണ് ഹർജിക്കാരൻ പരാതിയിൽ പറയുന്നത്.

**As per regulation 6 of supply code Voltage levels for LT, HT and EHT supply. (1) Voltage levels specified for low tension unit. The high tension (HT) and extra high tension (EHT) supply are the following-**

***(6) Low Tension (LT) supply.***

*i. **Single phase 240 Volts between phase and neutral***
*ii. **Three phase 415 Volts between phases"***

**As per regulation of supply code. "Duty of licensee to maintain the specified voltage levels. The licensee shall not vary the voltage at the point of supply from the voltage levels as specified in regulation & except with the written consent of the consumer or with the previous sanction of the Commission Provided that variations In voltage at the point of supply within the limits specified hereunder is permissible without written consent of the consumer or the sanction of the Commission six per cent on higher side and lower side in the case of low tension supply,"**

അതിനാൽ നിയന്ത്രണമനുസരിച്ച് ഉപഭോക്താവിന് നൽകേണ്ട ഏറ്റവും കുറഞ്ഞ വോൾട്ടേജ് താഴത്തെ വശത്ത് **225** വോൾട്ട് ആണ്. **24-04-2026**-ൽ തയ്യാറാക്കിയ സൈറ്റ് മഹസർ പ്രകാരം, കൺസ്യൂമർ നമ്പർ **22702**-ൽ നൽകിയിരിക്കുന്ന മീറ്ററിൽ രേഖപ്പെടുത്തിയ വോൾട്ടേജ്, **R** ഫേസ് **216.67 V, Y** ഫേസ് **227.08 V, B** ഫേസ് **216.43 V** എന്നിവയാണ്. **110kV** സബ്സ്റ്റേഷൻ പറാളിയുടെ **11kV** ബസിൽ രേഖപ്പെടുത്തിയ വോൾട്ടേജ് **10.4kV** മാത്രമാണ്. അതായത്, പരിശോധനയ്ക്കിടെ സിസ്റ്റം വോൾട്ടേജ് വളരെ കുറവാണെന്ന് കണ്ടെത്തിയിരുന്നു. റെഗുലേഷൻ **6** അനുസരിച്ച് **KSEBL** ന് വോൾട്ടേജ് നൽകാൻ കഴിയാത്തതിന്റെ കാരണം ഇതാണ് എന്ന് സമർപ്പിക്കുന്നു. കേരള ഗ്രിഡും നാഷണൽ ഗ്രിഡും ആ സമയത്തും നിലവിലും നേരിടുന്ന ലോഡ് അവസ്ഥയും ഇത്രയും കുറഞ്ഞ സിസ്റ്റം വോൾട്ടേജിന് കാരണമാണ് എന്നും എതൃകക്ഷികൾ സമർപ്പിക്കുന്നു. എതൃകക്ഷികൾ രേഖപ്പെടുത്തിയ വോൾട്ടേജിൻറെ താരതമ്യ ചാർട്ട് ഇതോടൊപ്പം സമർപ്പിക്കുന്നു, നമ്പർ **DB4**/പരാതി /**2026-27/03 dtd. 24-04-2026.** ആയത് **CGRF** ന് സമർപ്പിച്ചതിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു. മുകളിൽ കൊടുത്തിരിക്കുന്ന പോയിന്റിൽ നിന്നും അനുബന്ധത്തിൽ നിന്നും സെക്ഷൻ ഓഫീസ് മീറ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ബി ഫേസ് വോൾട്ടേജ് **210.6 V** മാത്രമാണെന്ന് വ്യക്തമാണ്, സെക്ഷൻ ഓഫീസ് **110kV** സബ്സ്റ്റേഷൻ പറളി കോമ്പൗണ്ടിലാണ് സ്ഥിതി ചെയ്യുന്നതെന്ന വസ്തുത കണക്കിലെടുക്കുമ്പോൾ, സിസ്റ്റം വോൾട്ടേജ് നിശ്ചയിച്ചതിനേക്കാൾ വളരെ കുറവാകുന്നു. പറളി **110KV** സബ്സ്റ്റേഷനിലെ **11Kv** ബസിൽ വന്ന വോൾട്ടേജ് കുറവിന് **CGRF** നിർദേശം

പ്രകാരം എതൃകക്ഷികൾ അക്കാര്യം സബ് സ്റ്റേഷൻ അധികാരികളെ **14-04-2026** തിയതിയിൽ രേഖാമൂലം അറിയിച്ചിട്ടുണ്ട്. അതിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.

പരാതിക്കാരൻ **17.10.2025** ൽ സമർപ്പിച്ച പരാതിയെ പറ്റിയുള്ള അറിവില്ലായ്മയെ നേരത്തെ എതൃകക്ഷികൾ സൂചിപ്പിച്ചിട്ടുണ്ട്. പരാതി പ്രകാരം **AE, AEE** എന്നിവർ **20.02.2026** എന്ന തിയതിയിൽ പരിശോധന നടത്തി ട്രാൻസ്ഫോർമറിന്റെ ടാപ്പ് മാറ്റി ലൈൻ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. ആയത് പരാതിക്കാരന് അറിവുള്ളതും എന്നാൽ അവയൊന്നും ശാശ്വത പരിഹാരം നൽകിയില്ല എന്നും **CGRF** പരാതിയിൽ അദ്ദേഹം സൂചിപിച്ചിട്ടുണ്ട്. ആയതിനാൽ പരാതിക്കാരന്റെ പരാതികൾ സമയാസമയങ്ങളിൽ പരിഹരിക്കാൻ എതൃകക്ഷിക്കാർ ഇടപെട്ടിട്ടുള്ളതാണ് എന്ന് ഉറപ്പിക്കുന്നു. തുടർന്ന് ഇറാൻ-അമേരിക്ക യുദ്ധം ആരംഭിച്ച വേളയിൽ സംഭവിച്ച വോൾട്ടേജ് ക്ഷാമത്തെ സംബന്ധിച്ചും ഇന്ത്യയിലൊട്ടാകെ മാർച്ച് ഏപ്രിൽ മാസങ്ങളിൽ അനുഭവപെട്ട എൽ നിനോ ഉഷ്ണ തരംഗം പ്രതിഭാസം കാരണം സംഭവിച്ച വൈദ്യുതി ക്ഷാമവും ആണ് "**force majere**' വാദത്തിൽ ലൈസൻസി ഉന്നയിചിട്ടുള്ളത്. പസഫിക് സമുദ്രത്തിലെ എൽനിനോ (**El Niño)** പ്രതിഭാസം മൂലം ഇന്ത്യയിൽ **2026**-ൽ കടുത്ത വൈദ്യുതി പ്രതിസന്ധിയാണ് ഉണ്ടായത്. കുറഞ്ഞ മഴ, ജലവൈദ്യുത പദ്ധതികളിലെ കുറഞ്ഞ ഉത്പാദനം, വേനലിലെ ഉയർന്ന താപനില എന്നിവ കാരണം വൈദ്യുതി ഉപഭോഗം കുതിച്ചുയരുകയും ഗ്രിഡിൽ വലിയ സമ്മർദ്ദം സൃഷ്ടിക്കുകയും ചെയ്തു. അങ്ങനെ യുദ്ധത്തിന്റെ ഫലമായും എൽനിനോ കാരണവും ഇന്ത്യയിലാകെ നേരിട്ട് വൈദ്യുതി ക്ഷാമത്തിന്റെ ഭാഗമായി നേരിട്ട വോൾട്ടേജ് ക്ഷാമത്തിന് മേൽ പറഞ്ഞ വിധത്തിൽ ലൈസൻസിയുടെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാൽ എന്ന് കണക്കാക്കി സംഭവിച്ചിരിക്കാനിടയുള്ള സേവനകാല താമസത്തിന് റെഗുലേഷൻ **63(3)** പ്രകാരം ഇളവ് നൽകണമെന്ന് അപേക്ഷിക്കുന്നു. പരാതിക്കാരന്റെ പരാതിയുടെ ഗൗരവം കണക്കിലെടുത്ത് **18.04.2026** ന് ഒന്നാം എതൃകക്ഷി രണ്ടാം എതൃകക്ഷിയോട് ട്രാൻസ്ഫോമറിന്റെ **HT / LT** സിസ്റ്റത്തിൽ എന്തെങ്കിലും ലൂസ് ഉണ്ടോ എന്ന് പരിശോധിക്കാനും അറ്റകുറ്റപണികൾ നടത്താനും നിർദേശിച്ചിരുന്നു. അതിൻ പ്രകാരം രണ്ടാം എതൃകക്ഷി ലൂസ് കണക്ഷൻ കണ്ട സ്ഥലങ്ങളിൽ ആവശ്യമായ റീ ജമ്പറിംഗ് നടത്തുകയുണ്ടായി. **24.04.2026** ഈ എതൃകക്ഷി തന്നെ വീണ്ടും **DP** ഘടന പരിശോധിച്ചു എങ്കിലും തകരാറുകൾ കണ്ടെത്തിയില്ല. അതിനാൽ **24.04.2026** പരിസരം പരിശോധിക്കുകയും ഇതിനകം പരാമർശിച്ച മീറ്ററുകളുടെയും സബ്സ്റ്റേഷൻ ലോഗ് ഷീറ്റിന്റെയും ചിത്രങ്ങൾ എടുക്കുകയും ചെയ്തു.

തുടർന്ന് ഒരു സൈറ്റ് മഹസർ തയ്യാറാക്കി. ഈ രേഖകളെല്ലാം ഇതോടൊപ്പം അനുബന്ധമായി സമർപ്പിക്കുന്നു.

പെറ്റിഷനറുടെ കെട്ടിടത്തിൽ **20** ഉപഭോക്താക്കളുണ്ടെങ്കിലും, **22702** എന്ന നമ്പർ ഉപഭോക്താവ് മാത്രമാണ് ലോ വോൾട്ടേജ് പരാതി ഉന്നയിച്ചിരിക്കുന്നത്. കൂടാതെ സ്റ്റന്ത ട്രാൻസ്ഫോർമറുമായി ബന്ധിപ്പിച്ചിട്ടുള്ള മറ്റേതെങ്കിലും ഉപഭോക്താവ് **29-04-2026** വരെ ഒരു പരാതിയും ഉന്നയിച്ചിട്ടില്ല." സ്റ്റാന്ത ട്രാൻസ്ഫോർമറിന്റെ നെയിം പ്ലേറ്റ് വിശദാംശങ്ങൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്, നെയിം പ്ലേറ്റിൽ ട്രാൻസ്ഫോർമർ വോൾട്ടേജ് **11kV/433V** മാത്രമാണെന്ന് വ്യക്തമായി കാണിച്ചിരിക്കുന്നു. **CGRF Quarram** സംബന്ധിച്ച ആക്ഷേപങ്ങൾക്ക് ഈ എതൃകക്ഷികൾ മറുപടി നൽകേണ്ട ബാധ്യത ഇല്ലാത്തതാകുന്നു. **CGRF** ചെയർപേഴ്സണും ലൈസൻസിയും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടും മുൻകൂട്ടി നിശ്ചയിച്ച **CGRF** ഉത്തരവും എന്ന ആക്ഷേപം എതൃകക്ഷികൾ നിഷേധിക്കുന്നു. പരാതിക്കാരൻ **13.05.2026** ൽ മുഴുവൻ സമയവും ഇരുന്ന **CGRF** ഹിയറിംഗിൽ പരാതിക്കാരനും എതൃകക്ഷിയും തമ്മിൽ വാക്കാലുള്ള വാദഗതികളിൽ നിന്ന് ഉരുതിരിഞ്ഞ വസ്തുതകളെ വിലയിരുത്തി പരാതിക്കാരനും എതൃകക്ഷിക്കും മുമ്പാകെ ആ ഹിയറിംഗിൽ തീരുമാനങ്ങൾ അപ്പോൾ തന്നെ വാക്കാൽ **CGRF** അറിയിച്ചതും അത് കണക്കാക്കിയും ആണ് **14.05.2026**ന് പരാതിക്കാരന് എതൃകക്ഷി കത്ത് നൽകിയത്. ഹിയറിംഗിൽ പരാതിക്കാരനും ബോധ്യപെട്ട കാര്യത്തിൽ ലൈസൻസി എന്ന നിലക്ക് പരാതിക്കാരനാൽ ക്രമപ്പെടുത്തേണ്ടതിലേക്ക് ഉള്ള നടപടിയാണ് എതൃകക്ഷി അങ്ങനെ കത്ത് നൽകിയത്. **CGRF** ഹിയറിംഗിൽ നടന്ന കാര്യങ്ങൾ പരാതിക്കാരന് അറിവുള്ള ആ കാര്യങ്ങളെ ഒത്തുകളിയായി പരാതിക്കാരൻ ചിത്രീകരിച്ചത് പൂർണ്ണമായി നിരാകരിക്കുന്നു. **46** വർഷം പഴക്കമുള്ള ട്രാൻസ്ഫോർമർ എന്നതിന്റെ വിശദീകരണം എഴുതുക. **(CGRF** ഉത്തരവിൽ **18.02.2026**ന് ട്രാൻസ്ഫോർമർ പരിശോധന പരിശോധന നടത്തി എന്നതും അതിന്റെ തെളിവും ആവശ്യമാണ്. പരിശോധന വിശദാംശങ്ങളും ശരിയാണോ? **Tap changer** സംവിധാനത്തിന്റെ സ്ഥിതി?) ട്രാൻസ്ഫോർമർ **47** വർഷം പഴക്കം ഉള്ളതാണ്. **13.07.2026** ൽ ട്രാൻസ്ഫോർമർ പരിശോധിച്ചതിൽ വോൾട്ടത യഥാക്രമം **231V, 238V, 235V** കറന്റ് **41.6A, 35.7A, 69.3A** എന്ന തോതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഫോട്ടോ പകർപ്പുകൾ ഇതോടൊപ്പം സമർപ്പിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം **17/08/2026**-ന് രാവിലെ **11:00**-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഡി. എച്ച്. റോഡ് എറണാകുളം ഓഫീസിൽ വെച്ച് നടന്നു. പരാതിക്കാരനായ ശ്രീ. പി. മുഹമ്മദ് അലി, ശ്രീ. കെ. മുഹമ്മദ്

റഫീഖ് എതിർകക്ഷി ശ്രീ. അഭിലാഷ് എ. വി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പറളി എന്നിവർ പങ്കെടുത്തു.

ഹർജിക്കാരനായ ശ്രീ.മുഹമ്മദ് അലിയുടെ പേരിലുള്ള ഒരു വാണിജ്യ സമുച്ചയമാണ് വാഫി സിറ്റി. പാലക്കാട് - ഷൊർണൂർ സംസ്ഥാന പാതയോരത്ത് കിഴക്കഞ്ചേരി കാവ് (കൊടുന്തിരപ്പുള്ളി) ആണ് ഈ കെട്ടിടം സ്ഥിതി ചെയ്യുന്നത്. മൂന്ന് നിലകളിലായി ഏകദേശം **12000** ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് ഈ സമുച്ചയം നിർമ്മിച്ചിരിക്കുന്നു. ഈ വാണിജ്യ സമുച്ചയത്തിന്റെ പ്രവർത്തനത്തിന് വേണ്ടി ലൈസൻസിയുടെ പറളി സെക്ഷൻ വഴി **20** സർവീസ് കണക്ഷനുകൾ എടുത്തിട്ടുള്ളതിൽ **8** എണ്ണം ഗാർഹിക കണക്ഷനും ബാക്കി **12** എണ്ണം വാണിജ്യ കണക്ഷനുമാണ്. **LT** യിൽ എടുത്തിട്ടുള്ള കണക്ഷനുകളുടെ ആകെ **connected load 41.046 kW** ആണ്. **20**-ൽ രണ്ട് കണക്ഷനുകൾ **3 phase** ഉം മറ്റുള്ളവ **single phase** ഉം ആയിട്ടാണ് നൽകിയിട്ടുള്ളത്. താഴത്തെ നിലയും ഒന്നാമത്തെ നിലയും വാണിജ്യ ആവശ്യങ്ങൾക്കും മുകളിലത്തെ നില പാർപ്പിട ആവശ്യത്തിനുമായിട്ടാണ് രൂപകൽപന ചെയ്തിരിക്കുന്നത്. ഏറ്റവും മുകളിലത്തെ നിലയിൽ ആറ് **two bedroom flat** കളും രണ്ട് **single bedroom flat** കളും നിർമ്മിച്ചിട്ടുണ്ട്. ഇവയ്ക്കു വേണ്ടിയാണ് **8** ഗാർഹിക കണക്ഷൻ എടുത്തിട്ടുള്ളത്.താഴത്തെ നിലയിൽ ഒരു **supermarket** പ്രവർത്തിക്കുന്നു. ഒരു ഹോട്ടൽ നടത്തിയിരുന്നത് നിർത്തിപ്പോയി. ഒന്നാമത്തെ നിലയിൽ ഉള്ള **commercial space** ൽ ഒരെണ്ണത്തിൽ മാത്രം ഒരു **tution centre** പ്രവർത്തിക്കുന്നു.

ഈ കെട്ടിടത്തിൽ ഗോവണി കൂടാതെ ഒരു ലിഫ്റ്റും ഘടിപ്പിച്ചിട്ടുണ്ട്. രണ്ട് **3 phase** കണക്ഷനുകളിൽ ഒരു **3 phase** കണക്ഷൻ **super market** ന് വേണ്ടി ഉപയോഗിക്കുന്നു, മറ്റൊന്ന് ലിഫ്റ്റുൾപ്പെടുന്ന **common service** കൾക്കും വേണ്ടിയും ഉപയോഗിക്കുന്നു. ഇവിടെ നൽകിയിട്ടുള്ള **3 phase** കണക്ഷനിൽ ഒരു **phase** ൽ സ്ഥിരമായി കുറഞ്ഞ വോൾട്ടതയാണ് കാണിക്കുന്നത്. അതിനാൽ തന്നെ ലിഫ്റ്റ് പലപ്പോഴും പ്രവർത്തിക്കാതെയാകുന്നു. ലിഫ്റ്റ് ശരിയായി പ്രവർത്തിക്കാത്തതായതിനാൽ മുകളിലത്തെ നിലയിലെ താമസക്കാരെല്ലാം ഒഴിഞ്ഞു പോയി എന്നും അതുമൂലം വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കിയെന്നും പരാതിക്കാരൻ അവകാശപ്പെടുന്നു. **24/04/2026** ൽ എതിർകക്ഷി സ്ഥലപരിശോധന നടത്തി തയ്യാറാക്കിയ മഹസ്സർ പ്രകാരം **R phase - 216.67V, Y phase - 227.08V and B phase 216.43V** എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. **Kerala Electricity Supply code**

2014-ലെ റെഗുലേഷൻ 6 ൽ ലൈസൻസി ഉപഭോക്താക്കൾക്ക് നൽകേണ്ട വോൾട്ടതയെക്കുറിച്ചു വിശദീകരിക്കുന്നു.

***6. Voltage levels for LT, HT and EHT supply. -***

***(1)*** *Voltage levels specified for low tension (LT), high tension (HT) and extra high tension (EHT) supply are the following: -*

***(a)*** *Low Tension (LT) supply, -*

***(i)*** *Single phase 240 Volts between phase and neutral;*

***(ii)*** *Three phase 415 Volts between phases; 15*

**(b)** *High Tension (HT) supply, -*

***(i)*** *Three phase 11,000 Volts (11kV) between phases;*

**(ii)** *Three phase 22,000 volts (22 kV) between phases;*

**(iii)** *Three phase 33,000 Volts (33kV) between phases;*

കൂടാതെ റെഗുലേഷൻ 7ൽ വോൾട്ടതയിൽ വരാവുന്ന വ്യതിയാനത്തിന്റെ തോതും നിഷ്കർഷിച്ചിരിക്കുന്നു.

***7. Duty of licensee to maintain the specified voltage levels. -*** *The licensee shall not vary the voltage at the point of supply from the voltage levels as specified in regulation 6, except with the written consent of the consumer or with the previous sanction of the Commission:*

*Provided that variations in voltage at the point of supply within the limits specified hereunder is permissible without written consent of the consumer or the sanction of the Commission:*

***(i)*** *six per cent on higher side and lower side in the case of low-tension supply;*

***(ii)*** *six per cent on the higher side or nine per cent on the lower side in the case of high tension supply; and*

***(iii)*** *ten percent on the higher side or twelve and a half percent on the lower side in the case of extra-high tension supply:*

*Provided further that the above limits of variations in voltage levels shall be applicable till the Central Electricity Authority specifies a different set of limits.*

ഇതുപ്രകാരം ലൈസൻസി സിംഗിൾ ഫേസ് ൽ നൽകേണ്ട കുറഞ്ഞ വോൾട്ടത 225.6V ഉം കൂടിയ വോൾട്ടത 254.4 V ആണ്. അതുപോലെ 3 phase service കണക്ഷനിലെ line voltage 390 V നും 440 V നും ഇടയിലായിരിക്കണം. ഇവിടെ ഈ ചട്ടപ്രകാരമുള്ള voltage നൽകിയിട്ടില്ല എന്നും കാണാം. എതിർകക്ഷി അറിയിച്ചത് ഇവിടേക്കുള്ള 11 kV feeder തുടങ്ങിയിരിക്കുന്ന 110 kV പറളി സബ്സ്റ്റേഷനിൽ 11 kV യിൽ വെറും 10.4kV മാത്രമാണ് രേഖപ്പെടുത്തിയിരുന്നത് എന്നാണ്. Substation ലെ 110 kV /11 kV power transformer കളിൽ onload tap changer (OLTC) സംവിധാനം ഉള്ളതാണ്

എന്നാൽ അത് യഥാസമയം പ്രവർത്തിപ്പിച്ചിരുന്നോ എന്ന കാര്യം എതിർകക്ഷിക്ക് സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല.

ഈ **LT service** കണക്ഷൻ നൽകിയിരിക്കുന്നത് പ്രസ്തുത കെട്ടിടത്തിൽ നിന്നും ഏകദേശം **250m** ദൂരത്തായി സ്ഥിതിചെയ്യുന്ന **250 KVA** കപ്പാസിറ്റി ഉള്ള സ്കന്ദ ട്രാൻസ്ഫോർമറിൽ നിന്നുമാണ്. ഈ ട്രാൻസ്ഫോർമർ ഏകദേശം **47** വർഷത്തോളം പഴക്കമുള്ളതാണെന്നു രണ്ട് കക്ഷികളും സമ്മതിക്കുന്നു. ട്രാൻസ്ഫോർമറിന്റെ ഭാഗത്ത് **phase to phase voltage 380 V** കാണിച്ചപ്പോൾ ഉപഭോക്താവിന്റെ ഭാഗത്ത് വെറും **360 V** മാത്രമേ കാണിച്ചിരുന്നുള്ളൂ എന്ന് പരാതിക്കാരൻ അറിയിച്ചെങ്കിലും അതിനു രേഖകൾ ഇല്ലാത്തതിനാൽ സ്ഥിരീകരിക്കാൻ കഴിയില്ല. അതിനാൽ തന്നെ എതിർകക്ഷിയോട് ഒരേ സമയം ട്രാൻസ്ഫോർമർ **output** ലും ഉപഭോക്താവിന്റെ ഭാഗത്തുമുള്ള വോൾട്ടത അളന്നു റിപ്പോർട്ട് നല്കാൻ ആവശ്യപ്പെട്ടു. അതിൽ പ്രകാരം എതിർകക്ഷിയായ **AEE, Electrical Sub Division** പറളി **31/08/2026** ൽ റിപ്പോർട്ട് സമർപ്പിച്ചു. അതുപ്രകാരമുള്ള വോൾട്ടതയുടെ നില താഴെ കാണും പ്രകാരമാണ്.

| Phase Voltage | | | % variation | Live Voltage | | | Load current | % variation |
|---|---|---|---|---|---|---|---|---|
| Phase | Transformer terminal | Consumer End | | Phase to Phase | Transformer terminal | Consumer End | | |
| R | 235 V | 233 V | 0.85 | RY | 407 V | 403 V | 22 A | 0.9% |
| Y | 236 V | 235 V | 0.4 | YB | 403 V | 405 V | 22 A | 0.49% |
| B | 239 V | 225 V | 5.85 | BR | 411 V | 390 V | 26 A | 5.1% |

ഇവ രേഖപ്പെടുത്തിയിരിക്കുന്നത് **29/08/2026** ന് **12** മണിക്കാണെന്നും ആ സമയത്ത് **110 kV substation** ൽ **11 kV side** ലെ വോൾട്ടത **11 kV** ആയിരുന്നു എന്നും റിപ്പോർട്ടിൽ പറയുന്നു. ഇപ്പോഴുള്ള **voltage level** ചട്ടപ്രകാരമാണെങ്കിലും **B phase** ലുണ്ടായ വ്യതിയാനം കൂടുതലാണെന്നും കാണാം. ഇത് ട്രാന്സ്ഫോര്മറിന്റെ കാലപ്പഴക്കം നിമിത്തമാകാം എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. കലാകാലങ്ങളിൽ വളരെ പഴയ ഉപകരണങ്ങൾ മാറ്റി പുതിയവ സ്ഥാപിക്കേണ്ടത് ലൈസൻസിയുടെ ഉത്തരവാദിത്വമാണ് എന്നത് **supply code 2014** റെഗുലേഷൻ **4** ൽ വ്യക്തമാക്കുന്നു.

***4. Duty to develop, maintain and extend the distribution system.*** -

***(1)*** *The distribution licensee shall develop and maintain an efficient, coordinated and economical system in his area of supply.*

***(2)*** *The licensee is responsible for ensuring that its distribution system is upgraded, extended and strengthened to meet the demand for electricity in its area of supply.*

***(3)*** *The licensee shall ensure that all electricity supply lines and equipment that are belonging to the licensee or under its control in the premises of the consumer, are in a safe condition and are fit in all respects for supplying energy and further the licensee shall take adequate precaution to avoid danger that may arise in such premises from such supply lines and equipment.*

ട്രാൻസ്ഫോർമറിനു 47 വർഷം പഴക്കമുണ്ടെങ്കിലും അതിനു പകരമായി പുതിയ ട്രാൻസ്ഫോർമർ എന്തുകൊണ്ട് മാറ്റി സ്ഥാപിച്ചില്ല എന്നതിന് ശരിയായ ഉത്തരം നല്കാൻ എതിർ കക്ഷിയ്ക്ക് കഴിഞ്ഞില്ല. ഇപ്പോൾ നടപടികൾ എടുത്തിട്ടുണ്ടെന്നും 2027 ൽ തന്നെ മാറ്റി സ്ഥാപിക്കുമെന്നും എതിർകക്ഷി അറിയിച്ചു.

എതിർകക്ഷിയുടെ വാദത്തിൽ ചട്ടപ്രകാരമുള്ള **voltage** നൽകാൻ കഴിയാത്തതിന് **force majeure** സംബന്ധിച്ച കാര്യങ്ങൾ ബാധകമെന്നതിൽ കഴമ്പില്ല. **Global Warming,** ഉക്രൈൻ യുദ്ധം, ഇറാൻ-അമേരിക്ക യുദ്ധം ഇവയാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഇതൊന്നും മതിയായ കാരണം കാരണങ്ങളില്ലാത്തതിനാൽ തള്ളിക്കളയേണ്ടിയിരിക്കുന്നു.

**Kerala Electrical Supply Code -2014** ന്റെ **2024** ലെ **ammendment** പ്രകാരം **multistoried building** ന് ഉടമസ്ഥൻ സ്വന്തം ചിലവിൽ ട്രാൻസ്ഫോർമറും വൈദ്യുത വിതരണ സംവിധാനവും സ്ഥാപിച്ച് **LT** കണക്ഷനുകൾ നൽകാമെന്ന് വിവരിച്ചിരിക്കുന്നു.

***11. Limits of connected loads and contract demand for new LT connections with demand-based metering and billing.*** *—*

***(5)*** *An individual applicant occupying a multi storied building (including the common services of the building) may be given service connection at LT on his application, irrespective of the connected load or contract demand by providing bus ducts or cables of adequate current carrying capacity and complying with the provisions of the Central Electricity Authority (Measures Relating to Safety and Electric Supply) Regulations, 2023, 21 subject to the condition that the developer or builder of the multi- storied building, installs and maintains at his cost, the HT transformer station of adequate capacity and associated apparatus including the internal distribution system for this purpose and enhances its capacity to meet the load growth, if any.*

ഈ **ammendment** നിലവിൽ വന്നത് **31/07/2024** ൽ ആണ് . എന്നാൽ ഇവിടെ കണക്ഷനുകൾ നൽകിയിരുന്നത് **23/01/2024** നാണെന്നു ഈ കക്ഷികളും സമ്മതിച്ചു. അതിനാൽ ലൈസൻസിക്കോ ഉപഭോക്താവിനോ ആ സമയത്ത്

ഈ നിബന്ധന ബാധകമായി വന്നില്ല. എന്നാൽ ഇനിയും അധിക കണക്ഷനുകൾ ആവശ്യപ്പെടുകയോ, **connected load** കൂട്ടുകയോ ചെയ്യേണ്ടി വന്നാൽ പരാതിക്കാരൻതന്നെ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതാണ്.

പരാതിക്കാരൻ ഉന്നയിച്ചിരിക്കുന്ന ഒരു പ്രധാന ആക്ഷേപം പരാതികൾ **Online** ആയോ, **1912** വഴിയോ നൽകുമ്പോൾ അവ പരിഹരിക്കാതെതന്നെ **'Rectified'** എന്ന സന്ദേശം നൽകുന്നു എന്നതാണ്. ഇത് വളരെ ഗൗരവതരമായി കാണേണ്ടിയിരിക്കുന്നു. ഇത് മുൻപും പല പരാതിക്കാരും ഉന്നയിച്ചിട്ടുള്ള ആക്ഷേപമാണ്. ലൈസൻസി ഇതിനു ശാശ്വതമായ പരിഹാരം കണ്ടെത്തേണ്ടതാണ്. പരാതി പരിഹരിക്കാതെ പരിഹരിച്ചു എന്ന് **system** വഴി രേഖപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

## തീരുമാനം

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. **Supply Code - 2014** ൽ നിഷ്കർഷിച്ചിട്ടുള്ള **voltage level** ഉപഭോക്താവിന് നൽകാനുള്ള നടപടികൾ ലൈസൻസി കൈക്കൊള്ളുക.
2. പഴക്കം കൊണ്ട് കാര്യക്ഷമത കുറഞ്ഞ സ്കന്ദ **2027** ൽ തന്നെ മാറ്റി സ്ഥാപിക്കുക.
3. പരാതിക്കാരൻ കൂടുതൽ കണക്ഷനുകൾ ആവശ്യപ്പെടുകയോ **connected load** കൂട്ടുകയോ ചെയ്യാൻ **Supply Code 2014** ലെ റെഗുലേഷൻ **11(5)** പ്രകാരം പരാതിക്കാരൻ സ്വന്തം ചിലവിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതാണ്.
4. പരാതി **1912** വഴി നൽകുമ്പോൾ പരാതി പരിഹരിക്കാതെ **'Rectified'** എന്ന **status,** സിസ്റ്റംവഴി രേഖപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്.
5. മറ്റു ചെലവുകൾ അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

**P/038/2026/** തീയതി: **03-09-2026.**

**അയക്കുന്നത്:**

1. ശ്രീ. മുഹമ്മദ് അലി, വാഫി സിറ്റി, കിഴക്കഞ്ചേരിക്കാവ്, കൊടുന്തിരപ്പുള്ളി, പാലക്കാട് ജില്ല- **678004**
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, പറളി, പാലക്കാട് ജില്ല.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം **-10.**
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- **4.**
3. ചെയർപേഴ്സൺ, ഉപഭോക്തൃ പരാതി പരിഹാര ഫോറം, വൈദ്യുതി ഭവനം, കെഎസ്ഇബി, ഗാന്ധി റോഡ്, കോഴിക്കോട്, പിൻ - **673011.**